DIRECTOR VOCATIONAL HIGHER SECONDARY EDUCATION
03 MAY 2018
THIRUVANANTHAPURAM

4742

**കേരള സർക്കാർ**

സംഗ്രഹം

തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസം - വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സിനോടൊപ്പമുള്ള പ്രാക്ടിക്കൽ പേപ്പറുകൾ കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് (ഹയർ) കെ.ജി.ടി.ഇ ഇംഗ്ലീഷ് (ഹയർ) എന്നിവയ്ക്ക് തുല്യമായി അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

**പൊതു വിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

**സ.ഉ(കൈ)നം. 47/2018 /പൊ.വി.വ തീയതി, തിരുവനന്തപുരം 26/04/2018**

പരാമർശം:
1) 6/11/2014 ലെ സ.ഉ (കൈ)നം.232/2014/പൊ.വി.വ
2) 7/5/2015 ലെ സ.ഉ (കൈ)നം.102/2015/പൊ.വി.വ
3) 30.06.2017 ലെ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ സി1/2265/2017 നമ്പർ കത്ത്
4) 10/01/2018 ലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ സി4/28592/2017/ഡി.റ്റി.ഇ.നമ്പർ കത്ത്
5) 28/2/2018 ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ AII(I)9501/2017/GW നം.കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കോഴ്സുകളായ അക്കൗണ്ടൻസി ആൻഡ് ആഡിറ്റിംഗ്, ബാങ്കിംഗ് അസിസ്റ്റൻസ്, ജനറൽ ഇൻഷ്വറൻസ്, മാർക്കറ്റിംഗ് ആൻഡ് സെയിൽസ്മാൻഷിപ്, റിസപ്ഷൻ ബുക്ക് കീപ്പിംഗ് ആൻഡ് കമ്മ്യൂണിക്കേഷൻ, ട്രാവൽ ആൻഡ് ടൂറിസം എന്നിവയുടെ പ്രാക്ടിക്കൽ പേപ്പറുകൾ കെ.ജി.ടി.ഇ ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ), വേഡ് പ്രോസസിംഗ് (ലോവർ) എന്നിവയ്ക്ക് തുല്യമായി അംഗീകരിച്ച ഉത്തരവായിരുന്നു.

2) പരാമർശം (2) ലെ റിവിഷനുമുള്ള തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി കോഴ്സുകളായ ജനറൽ ഇൻഷ്വറൻസ്, ട്രാവൽ ആൻഡ് ടൂറിസം, അക്കൗണ്ടൻസി ആൻഡ് ആഡിറ്റിംഗ്, ബാങ്കിംഗ് അസിസ്റ്റൻസ്, മാർക്കറ്റിംഗ് ആൻഡ് സെയിൽസ്മാൻഷിപ്പ്, ബുക്ക് കീപ്പിംഗ് ആൻഡ് കമ്മ്യൂണിക്കേഷൻ എന്നീ കോഴ്സുകളുടെ വൊക്കേഷണൽ പ്രാക്ടിക്കലിന്റെ സിലബസും സ്കീം ഓഫ് എക്സാമിനേഷനും കെ.ജി.ടി.ഇ ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ്(ഹയർ), വേഡ് പ്രോസസിംഗ് ഇംഗ്ലീഷ്(ഹയർ), എന്നിവയുടെ സിലബസിനോടും, സ്കീം ഓഫ് എക്സാമിനേഷനോടും തുല്യമായി പരിഗണിക്കാവുന്നതാണെന്നും, സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആൻഡ് ട്രെയിനിംഗ് (SCERT) ന്റെ കരിക്കുലം കമ്മിറ്റി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) കത്ത് പ്രകാരം തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3) തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി കോഴ്സുകളായ ജനറൽ ഇൻഷ്വറൻസ്, ട്രാവൽ ആൻഡ് ടൂറിസം, അക്കൗണ്ടൻസി ആൻഡ് ആഡിറ്റിംഗ്, ബാങ്കിംഗ് അസിസ്റ്റൻസ്, മാർക്കറ്റിംഗ് ആൻഡ് സെയിൽസ്മാൻഷിപ്പ്, ബുക്ക് കീപ്പിംഗ് ആൻഡ് കമ്മ്യൂണിക്കേഷൻ എന്നീ കോഴ്സുകളുടെ പ്രാക്ടിക്കൽ ആയ ടൈപ്പ്റൈറ്റിംഗ് (ഇംഗ്ലീഷ്), കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് എന്നിവ

കെ.ജി.ടി.ഇ ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ്(ഹയർ), കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ഇംഗ്ലീഷ്(ഹയർ) ഗ്രേഡിന് തുല്യമായി പരിഗണിക്കാവുന്നതാണെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

4) ഈ വിഷയത്തിന്മേൽ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം ആരായുകയും ടി വിവരിച്ച കോഴ്സുകളുടെ പ്രാക്ടിക്കൽ പേപ്പറുകൾ കെ.ജി.ടി.ഇ ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ്(ഹയർ), കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ഇംഗ്ലീഷ്(ഹയർ) ഗ്രേഡിന് തുല്യമായി പരിഗണിക്കുന്ന വിഷയം പരിശോധിക്കപ്പെടേണ്ടതാണെന്ന് പരാമർശം (5) കത്ത് പ്രകാരം കമ്മീഷൻ അറിയിക്കുകയുണ്ടായി.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും, പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരമുള്ള റിവിഷനു മുമ്പുള്ള 2003-2004 അധ്യയന വർഷം മുതലുള്ള തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി കോഴ്സുകളായ ജനറൽ ഇൻഷ്വറൻസ്, ട്രാവൽ ആൻഡ് ടൂറിസം, അക്കൗണ്ടൻസി ആൻഡ് ആഡിറ്റിംഗ്, ബാങ്കിംഗ് അസിസ്റ്റൻസ്, മാർക്കറ്റിംഗ് ആൻഡ് സെയിൽസ്മാൻഷിപ്പ്, റിസപ്ഷൻ ബുക്ക് കീപ്പിംഗ് ആൻഡ് കമ്മ്യൂണിക്കേഷൻ എന്നീ തൊഴിലധിഷ്ഠിത കോഴ്സുകളുടെ പ്രാക്ടിക്കൽ പേപ്പറുകളായ ടൈപ്പ്റൈറ്റിംഗ് (ഇംഗ്ലീഷ്), കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് എന്നിവ കെ.ജി.ടി.ഇ ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ്(ഹയർ) കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ഇംഗ്ലീഷ്(ഹയർ) എന്നിവയ്ക്ക് തുല്യമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഗണേശൻ ചെട്ടിയാർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

ഡയറക്ടർ, തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
കമ്മീഷണർ ഫോർ ഗവ.എക്സാമിനേഷൻസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (with C/L)
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.